# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല — വടകര നഗരസഭ - 13/04/2009 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ എൽ. എഫ്. വി. എം./എ 2-74/09 നമ്പറായുള്ള പ്രത്യേക കുടുംബശ്രീ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-17 പ്രകാരം തടസ്സപ്പെടുത്തിയ 2,01,162.50/- (രണ്ട് ലക്ഷത്തി ഒരായിരത്തി ഒരുന്നൂറ്റി അറുപത്തി രണ്ട് രൂപാ അൻപത് പൈസാ മാത്രം) രൂപ , 2007-08 വർഷത്തെ വടകര നഗരസഭയുടെ ചെലവ് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.24 (a) പ്രകാരം തടസ്സപ്പെടുത്തിയ 2,49,630/- (രണ്ട് ലക്ഷത്തി നാല്പത്തിയൊൻപതിനായിരത്തി അറുന്നൂറ്റി മുപ്പത് രൂപ മാത്രം) രൂപ എന്നിവ ഉൾപ്പെടെ ആകെ 4,50,792.50/- (നാലു ലക്ഷത്തി അൻപതിനായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ അൻപത് പൈസ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ (സാധാ) നം. 1358/17/തസ്വഭവ. തിരുവനന്തപുരം, തീയതി: 20/04/2017

പരാമർശം: 1) നഗരകാര്യ ഡയറക്ടറുടെ 04/10/2016, 15/03/2017 എന്നീ തീയതികളിലെ എഫ്2-16331/06 – നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ വടകര നഗരസഭയുടെ 2007-08 വർഷത്തെ പ്രത്യേക കുടുംബശ്രീ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.17 പ്രകാരം അഗതി പുനരധിവാസ ഫണ്ടുപയോഗിച്ച് പൊതുവിതരണ (റേഷൻ ഷോപ്പ്) കേന്ദ്രങ്ങളിലൂടെ കുറഞ്ഞ ചെലവിൽ ആശ്രയ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യവിതരണം നടത്തുന്നതിനുപകരം, സർക്കാർ മാർഗ്ഗരേഖകൾക്കു വിരുദ്ധമായി കൂടിയ ചെലവിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ വഴി ഭക്ഷ്യധാന്യങ്ങളും വെളിച്ചെണ്ണ, പഞ്ചസാര, തേയില മുതലായവയും വിതരണം ചെയ്ത വകയിൽ ചെലവഴിച്ച 2,01,162.50/- രൂപ തടസ്സപ്പെടുത്തിയിരുന്നു. കൂടാതെ നഗരസഭയുടെ 2007-08 വർഷത്തെ ചെലവ് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.24 (a) പ്രകാരവും ഇതേ പദ്ധതിയ്ക്കായി പ്ലാൻഫണ്ടിൽ നിന്നും ചെലവഴിച്ച 2,49,630/- രൂപയും തടസ്സപ്പെടുത്തിയിരുന്നു. ആശ്രയ

പദ്ധതിയുടെ ഭാഗമായി അഗതികൾക്ക് ഭക്ഷണസാമഗ്രികൾ വിതരണം ചെയ്ത വകയിൽ മേൽ സൂചിപ്പിച്ച രണ്ട് ഓഡിറ്റ് റിപ്പോർട്ടുകളിലുമായി തടസ്സപ്പെടുത്തിയ 4,50,792.50/- (പ്ലാൻഫണ്ട് 2,49,630+അഗതിപുനരധിവാസ (ചലഞ്ച്) ഫണ്ട് 2,01,162.50) രൂപയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ നല്കിയിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക വിരുദ്ധമായി തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം അപേക്ഷയിൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതുവിതരണ കേന്ദ്രങ്ങൾക്ക് പകരം സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ വഴി ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് കൂടിയ ചെലവിൽ ഭക്ഷ്യധാന്യങ്ങളും മറ്റ് ഭക്ഷണസാമഗ്രികളും വിതരണം ചെയ്തുവെന്നതാണ് ഓഡിറ്റ് തടസ്സത്തിന് ആധാരമായിട്ടുള്ളത്. അഗതി ആശ്രയ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും എ.എ.വൈ കാർഡ് ലഭിച്ചിരുന്നില്ലെന്നും ആയതിനാൽ അവർക്ക് ടി പദ്ധതിയിലൂടെ കുറഞ്ഞ നിരക്കിൽ റേഷൻ കടകളിലൂടെ ലഭിക്കേണ്ട ഭക്ഷ്യധാന്യങ്ങൾ ലഭിച്ചിരുന്നില്ലെന്നും, ഈ സാഹചര്യത്തിലാണ് നഗരസഭ നേരിട്ട് സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ വഴി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ തീരുമാനിച്ചതെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭാ ഭരണസമിതിയുടെ അനുമതിയോടെയും, ഡി.പി.സി. അംഗീകാരത്തോടെയുമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ദരിദ്രജനവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുന്നതിനായാണ് പദ്ധതി നടപ്പിലാക്കിയതെന്നും നഗരസഭയുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള മാവേലിസ്റ്റോറിലൂടെ വിതരണം ചെയ്ത ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണ് ലഭിച്ചിട്ടുള്ളതെന്നും സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു അഗതി ആശ്രയ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും എ.എ.വൈ കാർഡ് ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ, അവർക്ക് ടി പദ്ധതിയിലൂടെ കുറഞ്ഞ നിരക്കിൽ റേഷൻകടകളിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ ലഭിക്കാത്ത സാഹചര്യത്തിലാണ്, സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ വഴി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതെന്ന, നിർവ്വഹണ ഉദ്യോഗസ്ഥനായ നഗരസഭാ സെക്രട്ടറിയുടെ വിശദീകരണം തൃപ്തികരമാണ്. സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നില്ക്കുന്ന ദുർബല ജനവിഭാഗങ്ങൾക്ക് ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾ എത്തിച്ചുകൊടുക്കുക എന്ന സദുദ്ദേശത്തോടെയാണ് പദ്ധതി നടപ്പിലാക്കിയതെന്ന വസ്തുത പരിഗണിച്ച്, സർക്കാർ

മാർഗ്ഗനിർദ്ദേശങ്ങൾക്ക വിരുദ്ധമായി, പൊതുവിതരണ കേന്ദ്രങ്ങൾക്ക് പകരം സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ വഴി ആശ്രയ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങളും മറ്റ് ഭക്ഷണ സാമഗ്രികളും വിതരണം ചെയ്യുവകയിൽ വടകര നഗരസഭയുടെ പ്രത്യേക കുടുംബശ്രീ ഓഡിറ്റ് റിപ്പോർട്ടിലെ (നമ്പർ. എൽ.എഫ്.വി.എം./എ 2-74/09) ഖണ്ഡിക 3.17 പ്രകാരം തടസ്സപ്പെടുത്തിയ 2,01,162.50/- രൂപയും, 2007-08 വർഷത്തെ നഗരസഭയുടെ ചെലവ് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.24 (a) പ്രകാരം തടസ്സപ്പെടുത്തിയ 2,49,630/- രൂപയും ഉൾപ്പെടെ ആകെ 4,50,792.50/- (നാല് ലക്ഷത്തി അൻപതിനായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ അൻപത് പൈസ മാത്രം) രൂപയുടെ ചെലവിന് {പ്ലാൻഫണ്ട്- 2,49,630+ അഗതി പുനരധിവാസ (ചലഞ്ച്) ഫണ്ട്- 2,01,162.50} സർക്കാർ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ഷിബു.എ.ടി.**
**അണ്ടർ സെക്രട്ടറി**

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്
സെക്രട്ടറി, വടകര നഗരസഭ, കോഴിക്കോട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**